## കോട്ടയം ആർച്ചുബിഷപ്പ് സുപ്രീം കോടതിയിൽ!

# യേശു കരയുന്നു, ചെകുത്താൻ ചിരിക്കുന്നു!



**ജോയി ഒറവണക്കളം** – ചിക്കാഗോ, USA

**ജ**ലന്തർ രൂപതാമെത്രാൻ ഫ്രാങ്കോ കോടതിയിൽ പോയത് സ്ത്രീപീഡനക്കേസുമായി ബന്ധപ്പെട്ടാണെങ്കിൽ, സീറോ-മലബാർ സഭാതലവൻ മാർ ജോർജ് ആലഞ്ചേരി കോടതി കയറിയത് ഭൂമിയിടപാടിൽ ടാക്സ് വെട്ടിപ്പുനടന്നു എന്ന ആരോപണത്തിന്മേലാണ്. എന്നാൽ വ്യക്തിപരമായി ഉന്നതമൂല്യങ്ങൾ വച്ചുപുലർത്തുന്ന കോട്ടയം മെത്രാൻ കോടികൾചെലവു ചെയ്ത് സുപ്രീം കോടതിയിൽ പോയത് എന്തു ലക്ഷ്യത്തിനുവേണ്ടിയായിരുന്നു? കോട്ടയം രൂപതവക പള്ളിയോ കപ്പേളയോ കുരിശടിയോ തകർക്കപ്പെടുകയുണ്ടായില്ല. വസ്തുതർക്കമോ സംഘർഷമോ പണാപഹരണമോ ഒന്നുംതന്നെ നടന്നിട്ടില്ല. പിന്നെ എന്തിന്? കോട്ടയം രൂപതാംഗമായിരുന്ന നമ്മുടെ സഹോദരൻ ബിജു ഉതുപ്പ് അതേ സമൂഹത്തിൽപ്പെട്ട ഒരു യുവതിയെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചപ്പോൾ അതു നിരസിച്ച തന്റെ മുൻഗാമിയായ മാർ കുന്നശ്ശേരിയുടെ നടപടി അക്രൈസ്തവവും വിവേചനാപരവും ജാതി വ്യവസ്ഥയിൽ അധിഷ്ഠിതവുമാണെന്നുള്ള ഹൈക്കോടതിവിധി ഉൾപ്പെടെ നാലു കോടതിവിധികളും മറികടക്കുക എന്നുള്ളതുമാത്രമായിരുന്നു മൂലക്കാടനെ സ്വാധീനിച്ച ഘടകം. എന്നാൽ ഇത്തരം അക്രൈസ്തവമായ നടപടിയിലൂടെ ഇന്ത്യൻ നീതിപീഠത്തിനും പൊതുസമൂഹത്തിനുംമുമ്പിൽ, തന്നെത്തന്നെയും താൻ പ്രതിനിധാനം ചെയ്യുന്ന സഭയെയും ഇകഴ്ത്തിക്കാട്ടുകയാണ് താൻ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞിട്ടുണ്ടാവുകയില്ല.

ഇതിനുപരി, യേശുവിന്റെ പഠനങ്ങളും സഭയുടെ കല്പനകളും അനുസരിക്കേണ്ടതില്ലായെന്നുള്ള ഒരു നിഗൂഢലക്ഷ്യവും ഈ നടപടിയിൽ അടങ്ങിയിരിക്കുന്നു. എന്ന സത്യം വിശ്വാസികളായ നാം മനസ്സിലാക്കേണ്ടതുണ്ട്:

1. “സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ” (മത്താ:28, 18–20) എന്ന ദൈവവചനം മൂലക്കാട്ടുമെത്രാനു ബാധകമല്ലായെന്ന വാദം സുപ്രീം കോടതി അംഗീകരിക്കണം. 2. “നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് ഏന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക. പിന്നെ വന്നു കാഴ്ചയർപ്പിക്കുക” (മത്ത:5, 23–24) എന്ന ദൈവവചനം മൂലക്കാട്ടു മെത്രാനു ബാധകമല്ലായെന്നു വരുത്തിത്തീർക്കുക. 3. “ക്രിസ്തുവിനോടു ഐക്യപ്പെടാൻ വേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്.” (ഗലാ:3, 26–29) എന്ന വചനത്തിന് ഒരു പ്രസക്തിയുമില്ലെന്നും, ജ്ഞാനസ്നാനംവഴി ക്നാനായക്കാർ ക്രിസ്ത്യാനി ആകുന്നില്ലായെന്ന് കോടതിവിധിയിലൂടെ പ്രഖ്യാപിച്ചു കിട്ടണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. 4. “യേശു സഭയുടെ ശിരസ്സാണ്” എന്നു വചനം സാക്ഷ്യപ്പെടുത്തുന്നു (എഫേ:1, 22–23). യേശുവിന്റെ നാമത്തിൽ നയിക്കപ്പെടുന്ന കത്തോലിക്കാസഭയുടെ സിരാകേന്ദ്രം വത്തിക്കാനാണ്. കോട്ടയംരൂപതയുടെ അക്രൈസ്തവമായ പുറത്താക്കൽ നടപടി സഭാപരമായി തെറ്റാണെന്നും അതു തിരുത്തപ്പെടേണ്ടതാണെന്നുമുള്ള വത്തിക്കാന്റെ കല്പന കോട്ടയം രൂപതയ്ക്ക് ബാധകമല്ലെന്നും സുപ്രീംകോടതി പ്രഖ്യാപിക്കണം! അങ്ങനെ വിശുദ്ധ ബൈബിളിൽ എഴുതപ്പെട്ടിരിക്കുന്ന ദൈവവചനമെല്ലാം വ്യാജമാണെന്നും വെറും മിഥ്യയാണെന്നും, സഭയുടെ കല്പനകൾ ഒന്നും പാലിക്കേണ്ടതില്ലെന്നും സമർത്ഥിക്കുവാൻ ഒരു കത്തോലിക്കാ ആർച്ച്ബിഷപ്പായ മാർ മാത്യൂ മൂലക്കാട്ട് സുപ്രീം കോടതിയിൽ പോയത് ആഗോള ക്രിസ്തീയസമൂഹത്തിനാകമാനം അവഹേളനവും അപമാനവുമാണ്.

ക്രിസ്തുവിന്റെ സ്നേഹസന്ദേശം പ്രചരിപ്പിക്കുവാനും പഠിപ്പിക്കുവാനുമായി വിദേശികളും സ്വദേശികളുമായ മിഷനറിമാർ കാടും തോടും മലകളും കടന്ന് ഇന്ത്യയുടെ ഉൾഗ്രാമങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ അവരിൽ പലരുടേയും ജീവൻ ബലികഴിച്ചുള്ളതായിരുന്നു. എന്നാൽ വിശ്വാസത്തെക്കാൾ ഉപരിയായി ജാതീയതയെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാനായി യത്നിക്കുന്ന ഒരു മെത്രാൻ, മഹനീയവും ആത്മീയവുമായ അത്തരമൊരു പദവിക്കു യോഗ്യനാണോയെന്ന് സഭാനേതൃത്വവും വിശ്വാസികളും പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു.

പ്രാർത്ഥനയിലും ദൈവവചനപ്രഘോഷണത്തിലും നിരന്തരം വ്യാപരിച്ചുകൊണ്ട് പ്രബോധനത്തിലും ആദ്ധ്യാത്മികശുശ്രൂഷകളിലും ശ്രദ്ധാലുക്കളായി തന്റെ അജഗണങ്ങളെ നയിക്കേണ്ട മെത്രാൻ, “നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക” എന്ന യേശുദേവന്റെ പരമപ്രധാനമായ കല്പനയ്ക്കു വിരുദ്ധമായി, സഭാപരമായി ഒരു തെറ്റും ചെയ്യാത്ത കുഞ്ഞാടുകളെ ക്നാനായ ജാതിയുടെപേരിൽ പള്ളിയിൽനിന്നു പുറത്താക്കുന്നതിനെ നീതീകരിക്കാൻ രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിവരെ പോയ ആർച്ചു ബിഷപ്പ് മാർ മാത്യു മൂലക്കാടിനെ കണ്ട് യേശു കരയുന്നു; ചെകുത്താൻ ചിരിക്കുന്നു!

അനുബന്ധം:– “സഭയിലെ സഹോദരങ്ങൾതമ്മിൽ ഭിന്നിപ്പ് ഉണ്ടാകുമ്പോൾ അവരെ സമാധാനത്തിൽ എത്തിക്കുവാൻ കഴിവില്ലാത്തവരായിരുന്നോ, നിങ്ങൾ? എങ്കിൽ അവർ നീതിപീഠത്തെ സമീപിക്കുകയും നീതിപീഠത്തിൽ ഇരിക്കുന്ന വിജാതീയൻ വിധികർത്താക്കളായിത്തീരുകയുംചെയ്യും” എന്ന വി. പൗലോസ് അപ്പസ്തോലന്റെ വചനം മൂലക്കാട്ട് മെത്രാനെ സംബന്ധിച്ച് അന്വർത്ഥമാകുന്നു.

ഫോൺ:(001) 630–415–6488